## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.377 29/06/2015-ൽ മറുപടിക്ക്

### മൂലമറ്റം പവർ ഹൗസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മൂലമറ്റം പവർ ഹൗസിൽ അടിക്കടിയുണ്ടാകുന്ന കേടുപാടുകൾ ഒഴിവാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) മൂലമറ്റം പവർ ഹൗസിൽ സ്ഥാപിച്ചിട്ടുള്ള ടർബൈൻ, ജനറേറ്റർ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയ പ്രധാന സാമഗ്രികളുടേയും അനുബന്ധ ഉപകരണങ്ങളുടേയും അറ്റകുറ്റ പണികൾ നിർമ്മാതാക്കൾ അനുശാസിക്കുന്ന രീതിയിലും കാലയളവിലും ചെയ്തു വരുന്നു. |
| (ബി) പ്രസ്തുത കേടുപാടുകൾ ത്വരിതഗതിയിൽ പരിഹരിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തര നിർദ്ദേശം നൽകുമോ; | (ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) മൂലമറ്റം പവർ ഹൗസിലെ ജീവനക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (സി) മൂലമറ്റം പവർ ഹൗസിലെ ജീവനക്കാരുടെ സുരക്ഷയ്ക്കായി സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും സുരക്ഷാ ഉപകരണങ്ങൾ, അഗ്നിശമന പ്രഥമ ശുശ്രൂഷാ കിറ്റുകൾ എന്നിവ നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സേഫ്റ്റി കമ്മിറ്റി, സുരക്ഷാ അവലോകന മീറ്റിങ്ങുകൾ, മോക് ഡ്രില്ലുകൾ എന്നിവ സംഘടിപ്പിക്കുന്നു. ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്, ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് ഇവ അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടാണ് പവർ ഹൗസ് പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**